**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിക്ക് ശേഷം ഹോട്ടലുകളും റസ്റ്റോറന്റുകളും ഉറന്നു പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവർ ഉൾപ്പെടെയുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാക്സിനേഷൻ ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് താമസിച്ചു ജോലി ചെയ്തു വരുന്ന അതിഥി തൊഴിലാളികൾക്ക് കോവിഡ് വാക്സിനേഷൻ ഉറപ്പാക്കുന്നതിനായി സംസ്ഥാന തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ ലേബർ ഓഫീസർമാർ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 20/09/2021 തീയതിയിലെ സ.ഉ.(സാധാ)നം. 644/2021/DMD നമ്പർ ഉത്തരവ് പ്രകാരം അതിഥി തൊഴിലാളികളുടെ വാക്സിനേഷനുവേണ്ടി 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതും നിലവിൽ സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്നതും പുതുതായി വരുന്നതുമായ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ഉറപ്പാക്കുന്ന പ്രവർത്തനം സംസ്ഥാന തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നതുമാണ്. നിലവിൽ സംസ്ഥാനത്ത് 12,866 അതിഥി തൊഴിലാളികൾക്ക് രണ്ട് ഡോസ് വാക്സിനും 2,71,470 അതിഥി തൊഴിലാളികൾക്ക് ഒന്നാം ഡോസ് വാക്സിനും 02/10/2021 തീയതിവരെ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ